(സി) സംസ്ഥാനതല അപ്പീൽ ഫീസ് 1000 രൂപയും ജില്ലാതലത്തിൽ അപ്പീൽ ഫീസ് 500 രൂപയുമാണ്. ഇതിന് അപ്പപ്പോൾ തന്നെ രസീതുകൾ നൽകാറുണ്ട്. രസീത് കൊടുക്കാറില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തെറ്റായ അപ്പീലുകൾ നിരസിക്കാവുന്നതുകൊണ്ട് സ്ക്കൂളിനെതിരെ നടപടിയെടുക്കേണ്ടതില്ല.

(ഇ) യുവജനോത്സവ മാനുവലിൽ മാറ്റങ്ങൾ ആവശ്യമാണെന്ന് പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. നിലവിൽ മാനുവൽ പരിഷ്ക്കരണത്തിനായി സമിതി രൂപീകരിച്ചിട്ടില്ല.

വിദ്യാർത്ഥി സംഘട്ടനങ്ങളും അച്ചടക്ക നടപടിയും

138 [757] ശ്രീ. ബിനോയ് വിശ്വം: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ അദ്ധ്യയന വർഷം സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും നടന്ന എത്ര വിദ്യാർത്ഥി സംഘട്ടനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘട്ടനങ്ങളിൽ എത്ര വിദ്യാർത്ഥികൾക്ക് പരിക്കുപറ്റിയെന്ന് അറിയിക്കുമോ;

(സി) വിദ്യാർത്ഥി സംഘട്ടനങ്ങളുടെ പേരിൽ എത്ര വിദ്യാർത്ഥികൾക്കു നേരേ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എത്ര വിദ്യാർത്ഥികളെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വയനാട് എഞ്ചിനീയറിംഗ് കോളേജിൽ വിദ്യാർത്ഥി സംഘട്ടനം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രണ്ടു വിദ്യാർത്ഥികൾക്ക്.

(സി) അച്ചടക്ക നടപടികളുടെ ഭാഗമായി അഞ്ചു വിദ്യാർത്ഥികളെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

139 [758] ശ്രീ. രാജു എബ്രഹാം:

,, കെ. വി. കുഞ്ഞിരാമൻ:

,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly